പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3919 18.10.2011-ൽ മറുപടിക്ക്

**സി.സി.ഇ.ആർ.റ്റി അധ്യാപകർക്കായി നടത്തുന്ന വിവിധ കൾച്ചറൽ പ്രോഗ്രാമുകൾ**

ചോദ്യം ഉത്തരം

ശ്രീ. കെ.ദാസൻ

ശ്രീ.പി.കെ.അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

---

(എ) കേന്ദ്ര മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സി.സി.ഇ. ആർ. റ്റി അധ്യാപകർക്കായി നടത്തുന്ന വിവിധ കൾച്ചറൽ പ്രോഗ്രാമുകളിൽ അധ്യാപകരെ തെരഞ്ഞെടുക്കുന്നതിന് നിലവിലുള്ള മാർഗ്ഗരേഖകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഇതിലേയ്ക്കായി അധ്യാപകരെ തെരഞ്ഞെടുക്കാനുള്ള അധികാരം ഓരോ വിദ്യാഭ്യാസ ജില്ലകളിലുമുള്ള സി.സി.ഇ.ആർ.റ്റി റിസോഴ്സ് അധ്യാപകനിൽ മാത്രം നിക്ഷിപ്തമാണോ; വിശദമാക്കുമോ;

(എ) സി.സി.ഇ.ആർ.ടി യുടെ വിവിധ കൾച്ചറൽ പ്രോഗ്രാമുകളിലേയ്ക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, എസ്.സി.ഇ. ആർ.ടി എന്നിവ വഴി അധ്യാപകരെ തെരഞ്ഞെടുക്കാറുണ്ട്. ഓരോ വർഷവും സി.സി.ഇ.ആർ.ടി നടത്തുന്ന കൾച്ചറൽ പ്രോഗ്രാമുകളുടെ അറിയിപ്പ് സംസ്ഥാനങ്ങൾക്ക് നൽകുകയും ആയതിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള നിയുക്ത അപേക്ഷാ ഫാറം പ്രഥമാധ്യാപകൻ സാക്ഷ്യപ്പെടുത്തി അതത് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അയക്കുകയും, ജില്ലാ വിദ്യാഭ്യാസ ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകുകയും ചെയ്യുന്നു. പ്രസ്തുത ലിസ്റ്റിൽ നിന്നും ഓരോ വർഷവും നിർദേശിക്കുന്ന യോഗ്യതയും സർവ്വീസും പഠിപ്പിക്കുന്ന വിഷയവുമനുസരിച്ച് അധ്യാ

പകരുടെ പാനൽ തയ്യാറാക്കി സി.സി.ഇ.ആർ.ടിക്ക് നൽകുക യാണ് ചെയ്യുന്നത്. ആയതി ലേക്കായി മറ്റാരേയും ചുമതല പ്പെടുത്തിയിട്ടില്ല.

(ബി) വിവിധ കോഴ്സുകൾക്ക് അന്യ സംസ്ഥാനങ്ങളിലേയക്ക് തെര ഞ്ഞെടുക്കപ്പെടുന്ന അധ്യാപ കർക്ക് സി.സി.ഇ.ആർ.റ്റി നൽകുന്ന വിവിധ വിദ്യാഭ്യാസ കിറ്റുകൾ ബന്ധപ്പെട്ട അധ്യാപകർ ജോലി ചെയ്യുന്ന വിദ്യാലയങ്ങളിലെ പൊതു നിക്ഷേപമായി മാറുന്നില്ല എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; ആയത് പരി ശോധിക്കാനുള്ള സംവിധാനം നിലവിലുണ്ടോ ;

(ബി) ഇല്ല. പരാതി പരിശോധിക്കാനുള്ള സംവിധാനം നിലവിലുണ്ട്.

(ഡി) സി.സി.ഇ.ആർ.റ്റി യിൽ നിന്നും ലഭിക്കുന്ന വിവിധ വിദ്യാഭ്യാസ കിറ്റുകൾ ഓഡിറ്റ് ചെയ്യാൻ ചുമതലപ്പെട്ട സർക്കാർ ഏജൻസിയുണ്ടോ;

ഉണ്ടെങ്കിൽ അത് ആരൊല്ലാമാണ് എന്ന് വ്യക്തമാക്കാമോ?

(ഡി) ഇല്ല

സെക്ഷൻ ഓഫീസർ.